# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1814 06/07/2015-ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

**ചോദ്യം**

ശ്രീ . ഇ. ചന്ദ്രശേഖരൻ

(എ) മത്സ്യബന്ധന തുറമുഖ വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2011 ജൂണിനു ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ)

(a) കാസർഗോഡ് ജില്ലാ ഓഫീസ് വഴി നടപ്പിലാക്കിയ പദ്ധതികൾ

01) ഭവന നിർമ്മാണ പദ്ധതി

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-2015 വരെ) |
|---|---|
| പള്ളിക്കര | 16 |
| അജാനൂർ | 19 |
| കാഞ്ഞങ്ങാട് | 25 |

2) മാതൃകാ മത്സ്യഗ്രാമം പദ്ധതി

പിന്നോക്കാവസ്ഥയിലുള്ള മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ച മാതൃകാ മത്സ്യഗ്രാമം പദ്ധതിയ്ക്കായി കാസർഗോഡ് ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത് കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന അജാനൂർ മത്സ്യഗ്രാമത്തെയാണ്. 2011 മുതൽ 2015 വർഷം വരെയായി വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഭവന പദ്ധതിയ്ക്കായി 2.5 ലക്ഷം രൂപ തോതിൽ 284 യൂണിറ്റുകളാണ് ജില്ലയിൽ അനുവദിച്ചത്. എന്നാൽ അർഹരായ ഗുണഭോക്താക്കൾ കുറവായതിനാൽ 110 പേർക്ക് മാത്രമേ ധനസഹായം നൽകുവാൻ സാധിച്ചിട്ടുള്ളൂ. ഭവന പദ്ധതിയ്ക്കായി ഇതുവരെ 2,75,00000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സാനിറ്റേഷൻ പദ്ധതിയ്ക്കായി യൂണിറ്റിന് 20,000/- തോതിൽ 93 യൂണിറ്റുകൾ അനുവദിച്ചെങ്കിലും അർഹരായ 9 അപേക്ഷകൾ മാത്രമാണ് ലഭിച്ചത്.

03) ഭവന റിപ്പയർ പദ്ധതി

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-2015 വരെ) |
|---|---|
| പള്ളിക്കര | 8 |
| അജാനൂർ | 8 |
| കാഞ്ഞങ്ങാട് | 5 |

04) സാനിറ്റേഷൻ പദ്ധതി

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-2015 വരെ) |
|---|---|
| പള്ളിക്കര | 20 |
| അജാനൂർ | 12 |
| കാഞ്ഞങ്ങാട് | 13 |

05) മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണത്തിനായി 5 കോളനികൾക്ക് 148.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലുള്ള ബേക്കൽ കോളനിയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം 7 വീടുകൾ പുതുതായി നിർമ്മിക്കുന്നതിനും 3 വീടുകൾ റിപ്പയർ ചെയ്യുന്നതിനുമായി ആകെ 17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(b) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നം | പദ്ധതി | പഞ്ചായത്ത് |
|---|---|---|
| 1 | കുടിവെള്ള പദ്ധതി, അജാനൂർ | അജാനൂർ |
| 2 | റോഡ് നിർമ്മാണം, അജാനൂർ | അജാനൂർ |
| 3 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | അജാനൂർ |
| 4 | നെറ്റ് മെന്റിംഗ് യാർഡ് - ബെല്ല കടപ്പുറം, അജാനൂർ | അജാനൂർ |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി |

(c) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. അജാനൂർ കടപ്പുറം - ആവിക്കൽ റോഡിന്റെ പുനരുദ്ധാരണം, (അജാനൂർ ഗ്രാമ പഞ്ചായത്ത്)
2. പടന്നക്കാട് ഒഴിഞ്ഞ വളപ്പ് ബീച്ച് റോഡിന്റെ പുനരുദ്ധാരണം (കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി)
3. ഞാണിക്കടവ്-പുഞ്ചാവി എം.എൽ.എ. റോഡിന്റെ പുനരുദ്ധാരണം (കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി)
4. മല്ലികമാട് ചിത്താരിപാലം റോഡിന്റെ പുനരുദ്ധാരണം (അജാനൂർ ഗ്രാമ പഞ്ചായത്ത്)

5. ഗാർഡൻ വളപ്പട ബല്ലാ കടപ്പുറം റോഡിന്റെ പുനരുദ്ധാരണം (കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി)
6. അജാനൂർ കടപ്പുറം ഫിഷിംഗ് ഹാർബർ നിർമ്മാണം – അന്വേഷണ ഗവേഷണ പ്രവൃത്തി (അജാനൂർ ഗ്രാമ പഞ്ചായത്ത്)

(ബി) ഇതിൽ പൂർത്തിയാക്കിയവ ഏതെല്ലാമാണെന്നും തുടങ്ങുവാനുള്ളവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

(ബി) എ) കാസർഗോഡ് ജില്ലാ ഓഫീസ് വഴി നടപ്പിലാക്കിയ ഭവന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ഭവന റിപ്പയർ പദ്ധതി, സാനിറ്റേഷൻ പദ്ധതി തുടങ്ങിയവ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം നടപ്പു വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബി) തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു

| ക്രമ നം | **പദ്ധതി** | പദ്ധതി പുരോഗതി |
|---|---|---|
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, കാഞ്ഞങ്ങാട് | സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു |
| 2 | കുടിവെള്ള പദ്ധതി, അജാനൂർ | പദ്ധതി പുരോഗമിക്കുന്നു |
| 3 | നെറ്റ് മെന്റിംഗ് യാർഡ് – ബെല്ല കടപ്പുറം, അജാനൂർ | പദ്ധതി ആരംഭഘട്ടത്തിലാണ്. |
| 4 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| 5 | റോഡ് നിർമ്മാണം, അജാനൂർ | പ്രസ്തുത റോഡ് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കി. |

സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. അജാനൂർ കടപ്പുറം ആവിക്കൽ റോഡിന്റെ പുനരുദ്ധാരണം.
2. പടന്നക്കാട് ഒഴിഞ്ഞവളപ്പ് ബീച്ച് റോഡിന്റെ പുനരുദ്ധാരണം.
3. ഞാണിക്കടവ് പുഞ്ചാവി എം.എൽ.എ. റോഡിന്റെ പുനരുദ്ധാരണം.

ആരംഭിക്കാനുള്ളത്.

ഗാർഡൻ വളപ്പ് ബല്ലാകടപ്പുറം റോഡ്.

(സി) **ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;**

എ) കാസർഗോഡ് ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കിയ പദ്ധതിക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു

(1) ഭവന നിർമ്മാണ പദ്ധതി

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-2015) | അനുവദിച്ച തുക (രൂപ) |
|---|---|---|
| പള്ളിക്കര | 16 | 3200000 |
| അജാനൂർ | 19 | 3800000 |
| കാഞ്ഞങ്ങാട് | 25 | 5000000 |

(2) മാതൃകാ മത്സ്യഗ്രാമ പദ്ധതിയുടെ ഭാഗമായി ഭവന പദ്ധതിയ്ക്കായി 2.5 ലക്ഷം രൂപ തോതിൽ 284 യൂണിറ്റുകളാണ് ജില്ലയിൽ അനുവദിച്ചത്. എന്നാൽ അർഹരായ ഗുണഭോക്താക്കൾ കുറവായതിനാൽ 110 പേർക്ക് മാത്രമേ ധനസഹായം നൽകുവാൻ സാധിച്ചിട്ടുള്ളൂ. ഭവന പദ്ധതിയ്ക്കായി ഇതുവരെ 2,75,00000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സാനിറ്റേഷൻ പദ്ധതിയ്ക്കായി യൂണിറ്റിന് 20,000/ തോതിൽ 93 യൂണിറ്റുകൾ അനുവദിച്ചെങ്കിലും അർഹരായ 9 അപേക്ഷകൾ മാത്രമാണ് ലഭിച്ചത്.

(3) ഭവന റിപ്പയർ പദ്ധതി

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-2015) | അനുവദിച്ച തുക (രൂപ) |
|---|---|---|
| പള്ളിക്കര | 8 | 400000 |
| അജാനൂർ | 8 | 400000 |
| കാഞ്ഞങ്ങാട് | 5 | 250000 |

(4) സാനിറ്റേഷൻ പദ്ധതി

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | അനുവദിച്ച യൂണിറ്റുകൾ (2011-12 മുതൽ 2014-2015) | അനുവദിച്ച തുക (രൂപ) |
|---|---|---|
| പള്ളിക്കര | 20 | 350000 |
| അജാനൂർ | 12 | 215000 |
| കാഞ്ഞങ്ങാട് | 13 | 227500 |

(5) കോളനികളുടെ നവീകരണത്തിന്റെ ഭാഗമായി 7 വീടുകൾ പുതുതായി നിർമ്മിക്കുന്നതിനും 3 വീടുകൾ റിപ്പയർ ചെയ്യുന്നതിനുമായി ആകെ 17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ബി) തീരദേശ വികസന കോർപ്പറേഷൻ വഴി ഓരോ പദ്ധതിക്കും അനുവദിച്ച തുക ചുവടെ ചേർക്കുന്നു

| ക്രമ നം | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കുടിവെള്ള പദ്ധതി, അജാനൂർ | 71.06 |
| 2 | റോഡ് നിർമ്മാണം, അജാനൂർ | 71.00 |
| 3 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | 129.00 |
| 4 | നെറ്റ് മെന്റിംഗ് യാർഡ് - ബെല്ലാ കടപ്പുറം, അജാനൂർ | 49.00 |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, കാഞ്ഞങ്ങാട് | 139.00 |

സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

1. അജാനൂർ കടപ്പുറം - ആവിക്കൽ റോഡിന്റെ പുനരുദ്ധാരണം - 19.50 ലക്ഷം
2. പടന്നക്കാട് ഒഴിഞ്ഞ വളപ്പ് ബീച്ച് റോഡിന്റെ പുനരുദ്ധാരണം - 26.00 ലക്ഷം
3. ഞാണിക്കടവ് - പുഞ്ചാവി റോഡിന്റെ പുനരുദ്ധാരണം - 13.00 ലക്ഷം
4. മല്ലികമാട് ചിത്താരിപാലം റോഡിന്റെ പുനരുദ്ധാരണം - 56.50 ലക്ഷം
5. ഗാർഡൻ വളപ്പ് ബല്ല കടപ്പുറം റോഡിന്റെ പുനരുദ്ധാരണം - 70.00 ലക്ഷം
6. അജാനൂർ കടപ്പുറം ഫിഷിംഗ് ഹാർബർ നിർമ്മാണം - അന്വേഷണ ഗവേഷണ പ്രവൃത്തി - 53.00 ലക്ഷം

സെക്ഷൻ ആഫീസർ